**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3572** **27-06-2024 - ൽ മറുപടിയ്ക്ക്**

**കൂത്തുപറമ്പ് മണ്ഡലത്തിൽ കർഷക കടാശ്വാസ ആനുകൂല്യങ്ങൾ ലഭിച്ചവർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കർഷക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്നും ആയതിനുള്ള മാനദണ്ഡങ്ങൾ എന്താണെന്നും വിശദമാക്കുമോ; | (എ) | സഹകരണ ബാങ്കുകൾ/ സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ നിന്നും വായ്പയെടുത്ത് തിരിച്ചടയ്ക്കുവാൻ സാധിക്കാത്ത കർഷകരെ സഹായിക്കുന്നതിനായി 2006ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്ട് (2007ലെ (1)) പ്രകാരം രൂപീകൃതമായ സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ കടക്കാരായ കർഷകരെയും ബന്ധപ്പെട്ട സഹകരണ സ്ഥാപനങ്ങളെയും കേൾക്കുകയും അനുരഞ്ജനം നടത്തി അവാർഡു പ്രകാരം സർക്കാരിലേക്ക് കടാശ്വാസത്തിന് ശിപാർശ നടത്തുകയും ചെയ്യുന്നു. ഇതിനായി കമ്മീഷനിൽ മതിയായ രേഖകളോട്ടുകൂടി ലഭിക്കുന്ന അപേക്ഷകൾ വിവിധ ജില്ലകളിൽ വച്ച് നടത്തുന്ന സിറ്റിംഗുകളിൽ കർഷകരുടെയും സഹകരണ സ്ഥാപനങ്ങൾ/ ബാങ്ക് പ്രതിനിധികളുടേയും സാന്നിദ്ധ്യത്തിൽ പരിശോധിച്ച് പരമാവധി 2,00,000/- രൂപ വരെ കടാശ്വാസം അനുവദിക്കുന്നതിനായി സർക്കാരിലേക്ക് ശിപാർശ ചെയ്തു വരുന്നു. വയനാട്, ഇടുക്കി ജില്ലകളിലെ കർഷകർ 31.08.2020 വരെ എടുത്ത വായ്പകൾക്കും മറ്റ് ജില്ലകളിലെ കർഷകർ 31.03.2016 വരെ എടുത്ത വായ്പകൾക്കും കടാശ്വാസത്തിനായി അപേക്ഷിക്കാവുന്നതാണ്. 31.12.2023 വരെ ലഭിച്ച കടാശ്വാസത്തിനുള്ള അപേക്ഷകൾ കമ്മീഷനിൽ തീർപ്പാക്കി വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൂത്തുപറമ്പ് മണ്ഡലത്തിൽ കർഷക കടാശ്വാസ കമ്മീഷന്റെ ഉത്തരവ് പ്രകാരം കടാശ്വാസം ലഭിച്ചവരുടെ പേരും തുകയും വ്യക്തമാക്കുമോ? | (ബി) | കമ്മീഷനിൽ സമർപ്പിക്കപ്പെടുന്ന 2007-ലെ കർഷക കടാശ്വാസ കമ്മീഷൻ ചട്ടപ്രകാരമുള്ള ഫാറം 'സി' യിലുള്ള അപേക്ഷകളിൽ മണ്ഡലം രേഖപ്പെടുത്തുവാൻ ആവശ്യപ്പെടാത്തതിനാൽ മണ്ഡലം തിരിച്ചുള്ള കണക്ക് കമ്മീഷനിൽ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ